LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിലെ തടസ്സം

269 (1642) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വിലകൊടുത്തു വിതരണം ചെയ്യുന്ന ഭൂമിക്ക് പഞ്ചായത്തിൽ നിന്നും എത്രരേഖയാണ് നൽകുന്നത്;

(ബി) അനുവാദപത്രിക ലഭിച്ചവർക്ക് പട്ടയം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) അനുവാദ പത്രിക ലഭിച്ചവർക്ക് എൻ.ഒ.സി നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വില കൊടുത്ത് വാങ്ങുന്ന ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ടി ഭൂമി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കൈമാറ്റം ചെയ്യുകയില്ല എന്ന ഒരു കരാർ ഗുണഭോക്താവ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകണം. എന്നാൽ പഞ്ചായത്തുകൾ വാങ്ങുന്ന ഭൂമി പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കാണ് രജിസ്റ്റർ ചെയ്ത് വാങ്ങുന്നതെങ്കിൽ നിശ്ചിത കാലാവധിക്കുശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പട്ടയം ലഭിക്കാൻ അനുവാദ പത്രിക നൽകും.

(ബി) തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലെ ക്രമക്കേടുകൾ

270 (1643) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ നടത്തി വരുന്ന പെർഫോമൻസ് ഓഡിറ്റ് മുഖ്യമായും ലക്ഷ്യമിടുന്നത്, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലും പഞ്ചായത്തിന്റെ വിവിധ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നതിലും ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും മാർഗ്ഗനിർദ്ദേശം നല്കുക എന്നതാണ്. ഇത് ഒരു തെറ്റ് തിരുത്തൽ പ്രക്രിയയും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ കാലികവും തുടർച്ചയായുള്ളതുമായ വിലയിരുത്തലിന് സഹായിക്കുന്ന സംവിധാനവുമാണ്. പെർഫോമൻസ് ഓഡിറ്റിൽ കണ്ടെത്തുന്ന വിവിധ ന്യൂനതകൾ അപ്പപ്പോൾത്തന്നെ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നല്കുകയും, അവയ്ക്ക് പരിഹാരം ഉണ്ടായോ എന്ന് തൊട്ടടുത്ത ഓഡിറ്റിൽ പരിശോധിക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങളിലുണ്ടാകുന്ന വീഴ്ചകൾ/പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മ/കാലതാമസം/പാഴ്ചെലവ്/പദ്ധതി ഉപേക്ഷിക്കൽ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ജനപ്രതിനിധി/ഉദ്യോഗസ്ഥ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾക്ക് പരമാവധി വേഗത്തിൽ പരിഹാരം കണ്ടെത്തുന്നതിനാണ് പെർഫോമൻസ് ഓഡിറ്റ് പ്രാധാന്യം നല്കുന്നത്. എന്നാൽ സാമ്പത്തിക തിരിമറികളുൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകളിൽ ബാധ്യത നിശ്ചയിച്ച് തിരിച്ച് പിടിക്കുകയും ബന്ധപ്പെട്ടവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ക്ഷേമ പെൻഷനുകൾ

271 (1644) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്യുവരുന്നത് ; ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണ് ; ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ; ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;